made by the Firm were groundless. They did not also think it necessary to pursue the matter any further.

Fall in Prices of articles.

354. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—(a) നമ്മുടെ നാട്ടിലെ പ്രധാന ഉല്പന്നമായ നാളികേരത്തിന്റെ വില ക്രമാതീതമായി കുറഞ്ഞിരിക്കുന്നതും ജനങ്ങൾ നിത്യവൃത്തി കഷ്ടനഷ്ടങ്ങൾ അനുഭവിക്കുന്നതും ഗവൺമെണ്ടിന്നറിയാമൊ;

(b) കൊച്ചിയോട് കച്ചവടസംബന്ധമുള്ള പ്രധാന വിഭാഗമാക്കാര്യങ്ങളിൽ ഏജൻറുമാരെ നിയമിച്ച് നമ്മുടെ രാജ്യത്തെ കച്ചവടത്തെ വ്യവസ്ഥപ്പെടുത്തുവാൻ ഗവൺമെണ്ടിന്ന വിരോധമുണ്ടൊ;

(c) നമ്മുടെ നാട്ടിലെ കയറുമതി, ഇറക്കുമതികളെ കുറിക്കുന്ന വിവരങ്ങൾ ഗവൺമെണ്ട് രേഖപ്പെടുത്തുന്നുണ്ടൊ;

(d) കച്ചവടമാക്കാര്യത്തിൽ പൊതുജനങ്ങളുടെ അറിവിന്നും മാർഗ്ഗദർശനത്തിന്നുമായി ഗവൺമെണ്ട് പ്രസിദ്ധം ചെയ്യാത്തതിനു കാരണം എന്തു?

മിസ്റ്റർ ഐ. എൻ. മേനോൻ.—(a) നാളികേരത്തിനെന്നുമാത്രമല്ല മറ്റു പലസാധനങ്ങൾക്കും വില കുറവുണ്ട്.

(b), (c) & (d). കൊച്ചിയിൽ ഒരു കമ്മേർസിയൽ ആൻഡ് ഇൻറെലിജൻസ് ഡിപ്പാർട്ടുമെണ്ട് പുതുതായി തുടങ്ങുവാൻ ഗവൺമെണ്ട് ആലോചിക്കുന്നുണ്ട്. അങ്ങിനെ ഒരു ഡിപ്പാർട്ടുമെണ്ട് ഏർപ്പെടുത്തിയശേഷം നമ്മുടെ രാജ്യത്തെ കച്ചവടത്തെ വ്യവസ്ഥപ്പെടുത്തുന്നതിനുപയുക്തമായ നടപടികൾ നടത്തുന്നതാണ്.

Petition from inhabitants of Eriyad, etc., villages.

355. മിസ്റ്റർ ഐ. കെ. കുഞ്ഞുമൊയ്തീൻ.—താഴെ എഴുതുന്ന ചോദ്യങ്ങൾക്ക് ദയവായി ഉത്തരം നല്കുമൊ:—

(a) ഏറിയാട്, മാടവന, മേത്തല എന്നീ വില്ലേജ് നിവാസികൾ കൊടുങ്ങല്ലൂർ മെമ്പർവഴി അയച്ച ഹർജിയിന്മേൽ എന്തെല്ലാം നടപടികൾ നടത്തി എന്നു പറയുമൊ;

(b) വല്ല മറുപടിയും കൊടുക്കയുണ്ടായൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—(a) ഹർജിയിൽ അപേക്ഷിച്ചപ്രകാരം ചാല് താഴ്ത്തുന്നതിന് ഗവൺമെണ്ട് ഉദ്ദേശിച്ചിട്ടുണ്ട്.

(b) ഇല്ല.

Chittur Girls' High School.

356. Mr. A. Eachara Menon.—Will the Government be pleased to state.—

(1) how many male teachers are there in the Chittur High School for girls;

(2) are they put there for dearth of female teachers; if not why;

(3) what is the strength of the 3rd class of the school;

(4) how many months is it since it has been under one teacher?

LIBRARY ARCHIVES Kerala Legislative Assembly